**D 12131** **(Pages : 3)** **Name.....................................**

**Reg. No..................................**

# THIRD SEMESTER (CBCSS–UG) DEGREE EXAMINATION NOVEMBER 2021

Malayalam

MAL 3B 03—NAVEENA MALAYALA KAVITHA

(2019–2020 Admissions)

Time : Two Hours and a Half Maximum : 80 Marks

## Section A

*Answer at least* **ten** *questions.*
*Each question carries 3 marks.*
*All questions can be attended.*
*Overall Ceiling* 30.

1. 'നിർത്തുമിവിടെ ബസ്സെന്ന് ആശ്വസിച്ചു'–നഗരജീവിതം ഈ വരികളിൽ കടന്നു വരുന്നതെങ്ങനെ ?

2. "പാലിൽ പഴത്തിൽ മതത്തിൽ മരുന്നിലും
മായയിൽ ബ്രഹ്മത്തിൽ മായം കലർത്താത്തൊരെന്റെ
നാടെവിടെ മക്കളെ"
–ഈ വരികളുടെ കാലിക പ്രസക്തിയെന്ത് ?

3. പോത്ത് എന്ന കവിത മുന്നോട്ടു വെക്കുന്ന ആശയരാഷ്ട്രീയം എന്ത് ?

4. "ജീവിതം തരുന്ന
ചവർപ്പുരുചികൾ മറന്ന്
ചിരിയിലൂടെ ലഘൂകരിക്കാൻ
മനപ്പൂർവ്വം ചമയ്ക്കുന്നതല്ല"
–ആശയം വ്യക്തമാക്കുക.

5. "ആദ്യമായി ആരെങ്കിലും തേടിവരികയാണ്.
എന്നെക്കൊണ്ട് ചിലതിനു കൊള്ളും എന്ന്
ചിലരെങ്കിലും മനസ്സിലാക്കുകയാണ്
–കവിയുടെ ഈ ബോധ്യത്തിന് പിന്നിലെ ആശയ രാഷ്ട്രീയമെന്ത് ?

6. "കൊട്ടകൾ ആറാട്ടിനും പെരുന്നാളിനും പോകുന്നു
അവിടെക്കണ്ട പേരമ്മയുമായി പോരുന്നു"
–ആശയം വ്യക്തമാക്കുക.

Turn over

7. തീരാത്ത ജ്ഞാനസ്നാനങ്ങൾ ചെയ്ത്
ലോകത്തിന്റെ ദുർഗ്രഹതയിൽ
ഇവർക്ക് മനം മടുത്തു കാണും–കവി വ്യക്തമാക്കുന്നതെന്ത് ?

8. "കർപ്പൂരദീപങ്ങളാകട്ടെ കണ്ണുകൾ
കസ്തൂരി പോലെ മണക്കട്ടെ വാക്കുകൾ"
–ആശയം വ്യക്തമാക്കുക.

9. ഒരു കുറ്റിച്ചൂല് ഒരു നാറത്തേപ്പ് – ഞണുങ്ങിയ വക്കാർന്നൊരു കഞ്ഞിപ്പാത്രം – ഒരട്ടിമണ്ണവൾ – എന്ന കവിതയിലെ ആശയത്തിലെ ജീവിത യാഥാർത്ഥ്യങ്ങൾ എന്ത് ?

10. ചരിത്രവും രാഷ്ട്രീയവുമാണ് ബംഗാൾ–സമർത്ഥിക്കുക.

11. "പണ്ടു ഞങ്ങൾ കുഴിച്ചിട്ടതാണെടോ
പന്തു കായ്ക്കും മരമായി വളർത്തുവാൻ"
–ആശയം എന്ത് ?

12. "കണ്ടതും കാണാത്തതും അറിയാതെ
നീയെത്ര തൃപ്തനായി കിടക്കുന്നു"
—ആശയം വ്യക്തമാക്കുക.

13. ബംഗാളിന് ചുറ്റും കടലാണ്
നദീതട സംസ്കാരങ്ങൾ അവിടെയാണ്
നഗരപരിഷ്കാരങ്ങൾ അവിടെയാണ്
–ആശയം വ്യക്തമാക്കുക.

14. പനിയായിരുന്നു എല്ലായിടത്തും
മരുന്നു വില്പനക്കാരുടെ നീളൻ നാവു പോലും നിലച്ചിരുന്നു
അവർക്കും പനിയായിരുന്നു
–ആശയം വ്യക്തമാക്കുക.

15. "ഞാനീ പ്രപഞ്ചത്തിന്നമ്മയായെങ്കിലേ
മാനിതമായി വരൂ നിൻജന്മമോമനേ"
–ആശയം വ്യക്തമാക്കുക.

(10 × 3 = 30 marks)

134591



## Section B

*Answer at least* **five** *questions.*
*Each question carries 6 marks.*
*All questions can be attended.*
*Overall Ceiling 30.*

16. സംക്രമണം എന്ന കവിത മുന്നോട്ടു വെക്കുന്നതെന്ത് ?
17. നഗരത്തെ അഭിമുഖീകരിക്കുന്നവന്റെ വ്യഥകൾ കൂടിയാണ് ബസ്സ് സ്റ്റോപ്പിൽ—പരിശോധിക്കുക.
18. മൃഗശിക്ഷകൻ എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.
19. പെൺകുഞ്ഞ് 90 എന്ന കവിതയ്ക്ക് ഒരാസ്വാദനക്കുറിപ്പ് എഴുതുക.
20. പോത്ത് എന്ന കവിതയിൽ കവി പറഞ്ഞു വെക്കുന്നതെന്ത് ?
21. ദലിത് ജീവിതം കൊട്ട എന്ന കവിതയെ അടിസ്ഥാനമാക്കി പരിശോധിക്കുക.
22. ശാന്ത പ്രണയത്തിന്റെയും പ്രതീക്ഷയുടെയും കൂടി കവിതയാണ് സമർത്ഥിക്കുക.
23. പാരിസ്ഥിതികമായ ഉൾക്കാഴ്ചകളാണ് കാടെവിടെ മക്കളെ എന്ന കവിതയിൽ നിറഞ്ഞു നിൽക്കുന്നത് —വിശദമാക്കുക.

(5 × 6 = 30 marks)

## Section C

*Answer any* **two** *questions.*
*Each question carries 10 marks.*

24. പോത്ത്, ബസ്സ് സ്റ്റോപ്പിൽ എന്നീ കവിതകളെ താരതമ്യം ചെയ്ത് പരിശോധിക്കുക.
25. കാടെവിടെ മക്കളെ, പന്തു കായ്ക്കുന്ന മരം എന്നീ കവിതകളെ അടിസ്ഥാനമാക്കി മലയാള കവിതയിലെ പാരിസ്ഥിതിക സമീപനങ്ങളെ വിശകലനം ചെയ്യുക.
26. കൊട്ട, നഷ്ടം, കൂട്ടാന്തതയുടെ എഴുപത് വർഷങ്ങൾ എന്നീ കവിതകൾ മുന്നോട്ടു വെക്കുന്നത് സവിശേഷമായ ആശയ രാഷ്ട്രീയമാണ്—സമർത്ഥിക്കുക.
27. സമകാലിക കവിതകളുടെ ആഖ്യാനപരവും പ്രമേയപരവുമായ സവിശേഷതകൾ ഉദാഹരണസഹിതം വ്യക്തമാക്കുക.

(2 × 10 = 20 marks)

134591